**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 614** **23-02-2022 - ൽ മറുപടിയ്ക്ക്**

**പ്രവർത്തനക്ഷമമല്ലാത്ത വൈദ്യുത വിളക്കുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഇലക്ട്രിക് പോസ്റ്റുകളിൽ സ്ഥാപിച്ചിരിക്കുന്ന വൈദ്യുത വിളക്കുകൾ കൃത്യമായി പ്രവർത്തിക്കുന്നുണ്ടോ എന്ന് വിലയിരുത്താൻ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (എ) | 5.09.2011-ലെ സർക്കാർ ഉത്തരവ് പ്രകാരം കേടായ തെരുവ് വിളക്കുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള ഉത്തരവാദിത്വം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. തിരുവനന്തപുരം കോർപറേഷൻ ഉടങ്ങിയ ചുരുക്കം ചില തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മാത്രമാണ് ആവശ്യമായ സാധന സാമഗ്രികൾ ലഭ്യമാക്കി അറ്റകുറ്റ-പണികൾക്ക് ആവശ്യമുള്ള തുക നിക്ഷേപിച്ച് ബോർഡിനെ- കൊണ്ട് ചെയ്യിപ്പിക്കുന്നത്. കൂടാതെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ആവശ്യമായ തുക നിക്ഷേപിച്ച് സ്വയമേവ കത്തുകയും അണയുകയും ചെയ്യുന്ന ഓട്ടോമാറ്റിക് സ്ട്രീറ്റ് ലൈറ്റ് കൺട്രോളർ സ്ഥാപിച്ചു വരുന്നു. ഈ സംവിധാനം എല്ലായിടത്തും നടപ്പിലാക്കുകയാണെങ്കിൽ സ്ട്രീറ്റ് ലൈറ്റുകൾ കൃത്യമായി കത്തിക്കാനും അണയ്ക്കുവാനും സാധിയ്ക്കുന്നതാണ് . |
| (ബി) | രാത്രികാലങ്ങളിൽ ഇതുസംബന്ധിച്ച പരാതികൾ ഫോൺ മുഖേന ബന്ധപ്പെട്ട ഓഫീസുകളിൽ അറിയിച്ചാൽ നടപടി സ്വീകരിക്കാൻ വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | 5.09.2011-ലെ സർക്കാർ ഉത്തരവ് പ്രകാരം കേടായ തെരുവ് വിളക്കുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള ഉത്തരവാദിത്വം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. തിരുവനന്തപുരം കോർപറേഷൻ ഉടങ്ങിയ ചുരുക്കം ചില തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മാത്രമാണ് ആവശ്യമായ സാധന സാമഗ്രികൾ ലഭ്യമാക്കി അറ്റകുറ്റ-പണികൾക്ക് ആവശ്യമുള്ള തുക നിക്ഷേപിച്ച് ബോർഡിനെ- കൊണ്ട് ചെയ്യിപ്പിക്കുന്നത്. കൂടാതെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ആവശ്യമായ തുക നിക്ഷേപിച്ച് സ്വയമേവ കത്തുകയും അണയുകയും ചെയ്യുന്ന ഓട്ടോമാറ്റിക് സ്ട്രീറ്റ് ലൈറ്റ് കൺട്രോളർ സ്ഥാപിച്ചു വരുന്നു. ഈ സംവിധാനം എല്ലായിടത്തും നടപ്പിലാക്കുകയാണെങ്കിൽ സ്ട്രീറ്റ് ലൈറ്റുകൾ കൃത്യമായി കത്തിക്കാനും അണയ്ക്കുവാനും സാധിയ്ക്കുന്നതാണ് . |

| | | | |
|---|---|---|---|
| (സി) | പ്രവർത്തനക്ഷമമല്ലാത്ത വൈദ്യുത വിളക്കുകൾ പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | കേടായ തെരുവ് വിളക്കുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള ഉത്തരവാദിത്വം തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങളിൽ നിക്ഷിപ്തമായതിനാൽ പ്രവർത്തനക്ഷമമല്ലാത്ത തെരുവ്വിളക്കുകൾ പ്രവർത്തിപ്പിക്കാനുള്ള നടപടി അതാതു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ